നം.വി.ആർ./37379(2)/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി //.05.2017

## സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2017 വർഷത്തെ അദ്ധ്യാപക ദിനത്തോടനുബന്ധിച്ചു നടത്തുന്ന കലാസാഹിത്യ മത്സരങ്ങൾ - സംബന്ധിച്ച്.

സൂചന :-

*****

വിദ്യാരംഗം കലാസാഹിത്യവേദി ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് അദ്ധ്യാപകർക്കായി എല്ലാ വർഷവും നടത്തുന്ന കലാസാഹിത്യ മത്സരങ്ങൾ ഈ വർഷവും നടത്തുന്നതാണ്. കഥ, കവിത, തിരക്കഥ, നാടകം, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. കഥയ്ക്കും കവിതയ്ക്കും വിഷയം ഏതുമാകാം - സ്വന്തം കഥയെ ആസ്പദമാക്കിയുള്ളതായിരിക്കണം തിരക്കഥാ രചന. ചിത്രരചനയ്ക്കു(വാട്ടർ കളർ) *'പുഴക്കടവ്'* എന്നതാണ് വിഷയം. ചിത്രരചനയുടെ പേപ്പർ സൈസ് ഒരു ഡ്രോയിംഗ് ഷീറ്റിനു പകുതി ആയിരിക്കണം.

സർക്കാർ, എയ്ഡഡ് അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകർക്കു മത്സരത്തിൽ പങ്കെടുക്കാം. കഴിഞ്ഞവർഷം സമ്മാനം ലഭിച്ചവർ അതേ ഇനത്തിൽ വീണ്ടും മത്സരിക്കാൻ പാടുള്ളതല്ല. വിദ്യാരംഗം മാസികയുടെ 2017 ജൂൺ ലക്കത്തിൽ നൽകിയിട്ടുള്ള അപേക്ഷയുടെ മാതൃക പൂരിപ്പിച്ച് രചനയോടൊപ്പം അയച്ചുതരേണ്ടതാണ്. രചനകളിൽ എഴുതിയ ആളിന്റെ പേരോ സ്കൂളിന്റെ പേരോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല. രചനകൾ പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. ഒന്നിലധികം മത്സരയിനങ്ങളിൽ പങ്കെടുക്കുന്നവർ വെവ്വേറെ അപേക്ഷാഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. മത്സരത്തിന് അയച്ചുകിട്ടുന്ന രചനകൾ തിരികെ നൽകുന്നതല്ല. അപേക്ഷാഫോമും രചനകളും 2017 ജൂലൈ 31 നു മുമ്പായി **'എഡിറ്റർ', വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവന്തപുരം - 14'** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു പുറത്ത് **അദ്ധ്യാപക കലാസാഹിത്യ മത്സരം - 2017** എന്നു രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്കു ദേശീയ അദ്ധ്യാപകദിനമായ സെപ്തംബർ അഞ്ചിനു നടക്കുന്ന ചടങ്ങിൽ വച്ച് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും